www.downloadmela.com

**MAY 2012**

# U/ID 30727/ULDB/ UGLDB

Time : Three hours | Maximum : 100 marks

PART A — ($10 \times 3 = 30$ marks)

പത്തെണ്ണത്തിന് ഉത്തരമെഴുതുക. ഉത്തരമോരോന്നും
50 വാക്കിൽ കവിയരുത്. സന്ദർഭം, ആശയം, പദൗചിത്യം
എന്നിവ വിശദമാക്കുന്നതായിരിക്കണം ഉത്തരം.

1. ‘‘തണ്ടാർ തളർന്നാമ്പൽ വിരിഞ്ഞിടാത്ത
   വാപിയ്ക്കു നേരായ് ജനനിക്കു  വക്ത്രം.’’

2. ‘‘ഏകാകിയായിശ്ശയിച്ചരുളീടിനാൻ,
   സൈകതത്തട്ടിൽ  ഗജേന്ദ്രൻ പോലെ’’.

3. ‘‘ഞാനതിലസൂയാലുവായി പോൽ : മകന്നുള്ള
   മാനമച്ഛനുമില്ലേ! മരമോ മരാശാരി?’’

4. അവസാനമത്യന്തദീനനായി-
   ച്ചുടുചോര ചിന്തും ഹൃദയവുമായി
   മനുജന്റെ കാൽപ്പാടു തീണ്ടാത്ത
   മരുഭൂമി നോക്കിപ്പറന്നുപോയോ?

www.downloadmela.com - World's number one free educational download portal

www.downloadmela.com

5. ‘‘ഉപ്പിനും ചോറിനും വേണ്ടി ഞാനന്യന്റെ
ചൊല്പടിക്കിട്ട ബലിമൃഗമല്ലി ഞാൻ!
ഗർഭഗൃഹത്തിലുള്ളാശ്രിത വാത്സല്യ-
നിർഭരബിംബമേ, നീ താനൊരാശ്രയം.’’

6. ‘‘പിന്നെന്തർക്കം പറഞ്ഞല്ലയോമലാൾ-
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.’’

7. ‘‘പരിസരശക്തിഗുണത്താൽ മർത്ത്യർ
പരിശുദ്ധരാകും പാപിഷ്ഠർ പോലും’’.

8. ‘‘നെല്ലിൻ ചുവട്ടിൽ മുളയ്ക്കും - കാടും പുല്ലല്ല -
സാധു പുലയൻ’’

9. ‘ഹോ - ഒരു വെറും ഡാമിനെചുറ്റിപ്പറ്റിയുള്ള ത്യാഗത്തിന്റെ കഥകളാണിത്രയുമെങ്കിൽ - എന്റെ രാജ്യം നന്നാകാൻ ഇനി എന്തെന്നു ത്യാഗങ്ങളുണ്ടാവണം’.

10. ‘‘നല്ല പിറവിക്കുവേണ്ടിയുള്ള വേദന അനുഭവിയ്ക്കേണ്ടത് സ്ത്രീയാണ്’’.

11. ‘‘മുഖം നന്നല്ലാത്തതോണ്ട് കണ്ണാടി തച്ചുപൊളിച്ചിട്ട് കാര്യോന്നുല്ലല്ലോ!’’

12. ‘‘വാക്കിന്റെ വിവക്ഷകളല്ലാതെ നമ്മൾ എഴുത്തുകാർക്ക് മറ്റു വിവക്ഷകൾ ഒന്നുമില്ലല്ലോ. വിവക്ഷകളുടെ മേൽ നമുക്കൊരു നിയന്ത്രണവുമില്ല’’.



www.downloadmela.com - World's number one free educational download portal

www.downloadmela.com

PART B — (5 × 6 = 30 marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഉത്തരമോരോന്നും 200 വാക്കിൽ കവിയരുത്.

13. ആനന്ദഭിക്ഷുവിന് വെള്ളം നൽകിയതിനുശേഷം ചണ്ഡാല ബാലികയ്ക്കുണ്ടാകുന്ന ഭാവമാറ്റം കവി ചിത്രീകരിച്ചിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

14. രാജകോപത്തിനിരയായ ഉസ്മാൻ രക്ഷപ്പെടുന്നതെങ്ങനെ? വിശദമാക്കുക.

15. 'ഹേ ഗഗാറിൻ' എന്ന കവിത നൽകുന്ന സന്ദേശമെന്ത്?

16. 'നാലുമണിപ്പൂക്കൾ' സംവേദനം ചെയ്യുന്ന അടിസ്ഥാന ഭാവമെന്ത്?

17. 'പുതിയ ആകാശം പുതിയ ഭൂമി'യിലെ കുഞ്ചുനായരും മത്തായിയും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരുന്നു?

18. 'കേള്വ്'വിൽ പി. കുഞ്ഞിരാമൻ നായർ ആവശ്യമില്ലാത്ത ഒരു കഥാപാത്രമായിരുന്നോ? പരിശോധിക്കുക.

19. 'കേള്വ്' എന്ന നാടകത്തിലെ ദേർമ്മൻ നായരെ പരിചയപ്പെടുത്തുക.



www.downloadmela.com - World's number one free educational download portal

www.downloadmela.com

PART C — (4 × 10 = 40 marks)

നാലു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 500 വാക്കിൽ കവിയരുത്.

20. 'സ്ത്രീ പുരുഷപ്രണയത്തെ ആത്മീയതലത്തിലേക്ക് കൈപിടിച്ചുയർത്തുക എന്ന പ്രക്രിയ തന്നെയാണ് ആശാന്റെ ഇതര കാവ്യങ്ങളിലെന്നപോലെ 'ചണ്ഡാലഭിക്ഷുകി'യിലും കാണുന്നത് - ശരിയോ? പരിശോധിക്കുക.

21. 'നാലുമണിപ്പൂക്കൾ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

22. ഹാസ്യത്തിൽ അതിശയോക്തി കലർത്തി സത്യത്തിന്റെ മുഖം വികൃതമാണെന്നു കാണിച്ചു തരുന്ന ഒരു കവിതയാണ് 'ജാഥ' - ചർച്ചചെയ്യുക.

23. നാടകത്തിലെ കേളു നായരുടെ സ്വഭാവത്തിനു മിഴിവു നൽകാൻ 'പാക്കനാർ ചരിതത്തിലെയും' പാദുക പട്ടാഭിഷേക'ത്തിലെയും ചില ഭാഗങ്ങൾ ഉൾക്കൊള്ളിച്ചത് പ്രയോജനപ്പെട്ടിട്ടുണ്ടോ? പരിശോധിക്കുക.

24. അമിതമായ ആദർശവത്കരണം കൊണ്ട് വിശ്വാസ്യത നഷ്ടപ്പെട്ട ഒരു കഥാപാത്രമാണ് 'പുതിയ ആകാശം പുതിയ ഭൂമി'യിലെ സുകുമാരൻ - നിരൂപിക്കുക.

25. സ്നേഹദൂതൻ ഭൂമിയിൽ കണ്ട കാഴ്ചകൾ വിവരിക്കുക.

———————



www.downloadmela.com - World's number one free educational download portal